**A** | **603**

# സമഗ്രശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2023-2024
### ഗണിതം

**ക്ലാസ് : 6** | **സമയം : 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന **എട്ട്** മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ **ഏതെങ്കിലും ആറ്** എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1**

ചിത്രത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്ന ഭാഗത്തിന്റെ കോണളവ് $40^\circ$ ആണ്.





എ) ഷെയ്ഡ് ചെയ്യാത്ത ഭാഗത്തിന്റെ കോണളവ് എത്ര?

ബി) ഷെയ്ഡ് ചെയ്തത് വൃത്തത്തിന്റെ എത്ര ഭാഗമാണ്?

സി) ഷെയ്ഡ് ചെയ്യാത്തത് വൃത്തത്തിന്റെ എത്ര ഭാഗമാണ്?

**പ്രവർത്തനം 2**




ചിത്രത്തിൽ $\angle BOC$യുടെ 2 മടങ്ങാണ് $\angle DOC$.

എ) $\angle DOC$ എത്ര?

ബി) $\angle AOE$ യുടെ അളവ് എത്ര?

സി) $\angle AOD$ യുടെ അളവ് കാണുക.

ഡി) ചിത്രത്തിലെ ഏതെങ്കിലും 2 രേഖീയ ജോഡികളുടെ പേര് എഴുതുക.

**പ്രവർത്തനം 3**

2021 - 22 വർഷത്തിൽ മഞ്ചാടിക്കുന്ന് യു.പി സ്കൂളിലെ കുട്ടികളുടെ ആകെ എണ്ണം 900 ആയിരുന്നു. ഇതിൽ 60% പെൺകുട്ടികളും ബാക്കിയുള്ളവർ ആൺകുട്ടികളും ആയിരുന്നു.

എ) ആൺകുട്ടികൾ ആകെയുള്ളതിന്റെ എത്ര ശതമാനമാണ്?

ബി) പെൺകുട്ടികളുടെ എണ്ണമെത്ര?

സി) 2022 - 23 വർഷത്തിൽ കുട്ടികളുടെ എണ്ണം മുൻ വർഷത്തേക്കാൾ 20% വർധിച്ചു. 2022 - 23 വർഷത്തെ ആകെ കുട്ടികളുടെ എണ്ണമെത്ര?

ഡി) 2023 - 24 വർഷം മുൻ വർഷത്തേക്കാൾ 10% കുട്ടികൾ കുറഞ്ഞു. ഇപ്പോൾ ഉള്ള കുട്ടികളുടെ എണ്ണം മുൻ വർഷത്തേതിന്റെ എത്ര ശതമാനമാണ്?

**പ്രവർത്തനം 4**

പട്ടികയിലെ ഭിന്നസംഖ്യകളെ 10,100,1000 എന്നിങ്ങനെയുള്ള സംഖ്യകൾ ഛേദമായ ഭിന്നസംഖ്യയായി എഴുതി ദശാംശ രൂപത്തിലേക്ക് മാറ്റി എഴുതുക.

| ഭിന്നസംഖ്യ | തുല്യ ഭിന്നം | ദശാംശ സംഖ്യ |
|---|---|---|
| $\frac{1}{2}$ | $\frac{5}{10}$ | 0.5 |
| $\frac{1}{4}$ | | |
| $\frac{3}{8}$ | | |
| $\frac{7}{25}$ | | |
| $\frac{1}{20}$ | | |
| $\frac{3}{5}$ | | |

**പ്രവർത്തനം 5**

എ) താഴെ തന്നിരിക്കുന്നവയിൽ ഘടകങ്ങളുടെ എണ്ണം ഒറ്റ സംഖ്യയായ സംഖ്യ ഏത്?

[18, 8, 16, 13]


ബി) 12 ന്റെ ഘടകങ്ങളുടെ എണ്ണമെത്ര?

സി) 20 നെ അഭാജ്യസംഖ്യകളുടെ ഗുണനഫലമായി എഴുതുക.

ഡി) 60 നെ അഭാജ്യഘടകങ്ങളായി പിരിച്ചെഴുതി എല്ലാ ഘടകങ്ങളും കണ്ടെത്തുക.

**പ്രവർത്തനം 6**

സീനയുടെ സ്കൂളിൽ നിന്ന് സഹപാഠിക്കൊരു വീട് നിർമ്മിച്ചു കൊടുക്കാൻ തീരുമാനിച്ചു. യു.പി. വിഭാഗം കുട്ടികളിൽ നിന്ന് ലഭിച്ച തുകയെ സൂചിപ്പിക്കുന്ന ബാർ ഡയഗ്രം താഴെ കൊടുത്തിരിക്കുന്നു.




എ) ഏത് ക്ലാസിൽ നിന്നാണ് ഏറ്റവും കുറവ് തുക ലഭിച്ചത്?

ബി) ഏതൊക്കെ ക്ലാസുകളിൽ നിന്നാണ് ഒരേ തുക ലഭിച്ചത്?

സി) 5A, 5B ക്ലാസുകളിൽ നിന്ന് ആകെ ലഭിച്ച തുകയെത്ര?

ഡി) 6B യിൽ നിന്ന് ലഭിച്ച തുകയേക്കാൾ എത്ര കൂടുതലാണ് 7B യിൽ നിന്ന് ലഭിച്ചത്?

ഇ) ഡയഗ്രത്തെ അടിസ്ഥാനമാക്കി ഒരു ചോദ്യം തയ്യാറാക്കുക.

**പ്രവർത്തനം 7**


സ്കൂൾസമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കുന്നതിനായി ചില കുട്ടികൾ കൊണ്ടുവന്ന തുകയെക്കുറിച്ചുള്ള വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| പേര് | 20 രൂപ (എണ്ണം) | 10 രൂപ (എണ്ണം) | ആകെ രൂപ |
|---|---|---|---|
| നീനു | 2 | 5 | $(2\times20)+(5\times10)=90$ |
| മീനു | 3 | 2 | $(3\times20)+(2\times10)=80$ |
| റംല | 4 | 4 | .......... |
| മീര | 1 | 8 | .......... |

എ) പട്ടിക പൂരിപ്പിക്കുക.

ബി) 20 രൂപ നോട്ടുകളുടെ എണ്ണത്തെ 'a' എന്നും 10 രൂപ നോട്ടുകളുടെ എണ്ണത്തെ 'b' എന്നും ആകെ തുകയെ 't' എന്നും സൂചിപ്പിച്ചാൽ ഇവ തമ്മിലുള്ള ബന്ധം എങ്ങനെ എഴുതാം?

പ്രവർത്തനം 8




എ) ചിത്രത്തിൽ കാണുന്ന പെട്ടിയുടെ വ്യാപ്തം കണ്ടെത്തുക.

ബി) നീളം 10 സെ.മീ., വീതി 4 സെ.മീ., ഉയരം 2 സെ.മീ. വീതം അളവുള്ള പരമാവധി എത്ര പെട്ടികൾ ഈ പെട്ടിയിൽ അടുക്കിവയ്ക്കാം.

സി) ചിത്രത്തിലെ പെട്ടിയുടെ നീളവും വീതിയും ഉയരവും ഇരട്ടിച്ചാൽ വ്യാപ്തം എത്രയാകും? ഇത് ചിത്രത്തിലെ പെട്ടിയുടെ വ്യാപ്തത്തിന്റെ എത്ര മടങ്ങാണ്?